കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി
Kerala Regional Latin Catholic Secretariat
P.B. No. 620, U.C. College P.O., Aluva - 683102
Tel : 0484-2603705, +91-903700222
kcymlatinofficial@gmail.com

| Chairman | Director | President | General Secretary |
|---|---|---|---|
| Rt. Rev. Dr. Christudas R. | Fr. Anoop Kalathithara OSJ | Mr. Paul Jose | Mr. Sherin K.R |
| KRLCBC Youth Commission | 8281 588 196 | 8547 444 204 | 7559 922 829 |


KCYM/L/2025/CL/No.03 Date: 08/08/2025

സ്നേഹബഹുമാനപ്പെട്ട വൈദികരെ, സിസ്റ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയിൽ നിന്നുള്ള സ്നേഹാഭിവാദ്യങ്ങൾ.

**<u>PoliTips : തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുകളും, അതിൽ യുവജന പങ്കാളിത്തവും ലക്ഷ്യമാക്കിയുള്ള ട്രെയിനിങ് ക്യാമ്പ്.</u>**

ജനാധിപത്യത്തിന്റെ അടിസ്ഥാനശക്തിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. പഞ്ചായത്തുകളും ഗ്രാമസഭകളും പോലുള്ള ഇത്തരത്തിലുള്ള സംവിധാനങ്ങൾ ജനങ്ങൾക്കായി, ജനങ്ങൾക്കൊപ്പം പ്രവർത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. നമ്മുടെ നാടിന്റെ പുരോഗതിക്കും വികസനത്തിനും ഇവയിലൂടെ വലിയ മാറ്റങ്ങൾ ഉണ്ടാക്കാം. തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുകൾക്ക് മുന്നോടിയായി രാഷ്ട്രീയ ആഭിമുഖ്യമുള്ള, ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പുകളിൽ മത്സരിക്കാൻ ഒരുങ്ങുന്ന, പ്രവർത്തിക്കുന്ന യുവാക്കളെ സാമൂഹികവും രാഷ്ട്രീയവുമായ രംഗങ്ങളിൽ കൂടുതൽ സജീവമാക്കുവാൻ വേണ്ടിയുള്ള ലക്ഷ്യത്തോടെ കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി ഒരു ട്രെയിനിങ് ക്യാമ്പ് ഒരുക്കുന്നു.

ഗ്രാമസഭ, വികസന പ്രവർത്തനങ്ങൾ, പദ്ധതി തയ്യാറാക്കൽ, ബജറ്റ് ചർച്ചകൾ, തൊഴിലുറപ്പ് പദ്ധതി, പ്രദേശത്തെ പ്രധാന പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച അറിവും, എങ്ങനെ ഉദ്ദേശ്യപൂർവമായി പഞ്ചായത്ത് തലത്തിൽ ഇടപെടണം എന്നതിനെ കുറിച്ചുള്ള പരിശീലനവുമാണ് ഈ ക്യാമ്പിലൂടെ നൽകപ്പെടുക.

യുവാക്കൾക്ക് തദ്ദേശ ഭരണതലത്തിൽ പ്രശ്നങ്ങൾ തിരിച്ചറിയാനും, നിർദേശങ്ങൾ എങ്ങനെ അവതരിപ്പിക്കാമെന്ന് മനസിലാക്കാനും, ജനങ്ങളുമായി ബന്ധം പുലർത്താനും സഹായിക്കുന്നതായിരിക്കും പരിശീലനം. ഗ്രാമസഭയിലും പഞ്ചായത്തിലും സജീവമായി പങ്കെടുത്ത് നല്ല മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന വിധത്തിൽ ശക്തമായ നേതൃത്വവും സേവന മനോഭാവമുള്ള യുവാക്കളെ വളർത്തുക എന്നതാണ് ക്യാമ്പിന്റെ ലക്ഷ്യം. നാടിന്റെ പുനർനിർമ്മാണത്തിലേക്ക് പുതിയ തലമുറയെ പ്രേരിപ്പിക്കുന്നതിന് ഈ ക്യാമ്പ് ഒരു തുടക്കമായി തീരും.

ആയതിനാൽ കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി ഒരുക്കുന്ന ഈ ക്യാമ്പിലേക്ക് രൂപതകളിൽ നിന്നും സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന, ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുവാൻ താല്പര്യവും സാധ്യതയുമുള്ള യുവജനങ്ങളെ രജിസ്റ്റർ ചെയ്യിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ക്യാമ്പ് നടക്കുന്ന തീയതിയും സ്ഥലവും ഉടൻ അറിയിക്കുന്നതാണ്.

രജിസ്റ്റർ ചെയ്യുവാനുള്ള Link/QR താഴെ ചേർക്കുന്നുണ്ട്.

രജിസ്ട്രേഷൻ ലിങ്ക് : https://forms.gle/UREhqLBZx7zN5gey6

**നന്ദിയോടെ**

2025 ഓഗസ്റ്റ് 2 ശനിയാഴ്ച, കോട്ടപ്പുറം വികാസ് ആനിമേഷൻ സെന്ററിൽ വെച്ച് നടന്ന രൂപതാ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരുടെ സംയുക്ത യോഗത്തിൽ പങ്കെടുത്ത കോഴിക്കോട്, സുൽത്താൻപേട്ട്, കോട്ടപ്പുറം, വരാപ്പുഴ, നെയ്യാറ്റിൻകര എന്നീ രൂപതകളിലെ എല്ലാ യുവജന നേതാക്കളെയും കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി നന്ദിയോടെ ഓർക്കുന്നു. നിങ്ങൾ ഓരോരുത്തരുടെയും സഹകരണവും സമർപ്പണവും ആയിരുന്നു ഈ യോഗത്തിന്റെ വിജയം. തുടർപ്രവർത്തനങ്ങളിലും പ്രിയപ്പെട്ട എല്ലാ യുവജന സുഹൃത്തുക്കളുടെയും സാന്നിധ്യവും സഹകരണവും പ്രതീക്ഷിക്കുന്നു.

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിക്കു വേണ്ടി

KCYM LATIN STATE COMMITTEE

ഷെറിൻ കെ. ആർ.

ജനറൽ സെക്രട്ടറി